(ബി) ഏതെല്ലാം പഞ്ചായത്തുകൾക്കാണ് ഈ പദ്ധതിയിൽ നിന്നും ശുദ്ധ ജലവിതരണം നടത്തപ്പെടുന്നത്;

(സി) ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും ഇപ്പോൾ എത്ര സംഖ്യ ചെലവഴിച്ചു കഴിഞ്ഞുവെന്നും വെളിപ്പെടുത്താമോ;

(ഡി) ഉള്ളിയേരി പഞ്ചായത്തിൽ കൂടുതൽ പ്രദേശത്ത് പൈപ്പ്ലൈൻ നീട്ടുവാൻ എന്തെങ്കിലും നിർദ്ദേശം ഇപ്പോൾ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) 1985-ൽ.

(ബി) ചക്കിട്ടപ്പാറ, ചങ്ങരോത്ത്, കൂത്താളി, പേരാമ്പ്ര എന്നീ പഞ്ചായത്തുകൾക്കാണ് ഈ പദ്ധതിയിൽ നിന്നും ശുദ്ധജലവിതരണം നടത്തപ്പെടുന്നത്.

(സി) ഈ പദ്ധതിയുടെ ആരംഭത്തിലെ എസ്റ്റിമേറ്റ് തുക 520 ലക്ഷം രൂപയും പുതുക്കിയ എസ്റ്റിമേറ്റ് തുക 906 ലക്ഷം രൂപയുമായിരുന്നു. 1000.55 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്.

(ഡി) ഇല്ല.

പാലക്കാട് ജില്ലയിലെ ജലസേചന സൗകര്യം

72 [229] ശ്രീ. സി. പി. മുഹമ്മദ്:
„ കെ. എ. ചന്ദ്രൻ:
„ എൻ. ശക്തൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര ജലസേചന പദ്ധതികൾ ഉണ്ട്;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം;

(സി) ഈ പദ്ധതികൾക്ക് പാലക്കാട് ജില്ലയിലെ കൃഷിക്കാവശ്യമായ വെള്ളം നൽകുവാൻ കഴിയുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ട് വെള്ളം നൽകാൻ കഴിയുന്നില്ലെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പാലക്കാട് ജില്ലയിലുള്ള ഏതെല്ലാം ജലസേചന പദ്ധതികളും ജില്ലയിൽ കൂടി ഒഴുകുന്ന ഏതെല്ലാം നദികളും വെള്ളത്തിനായി പറമ്പിക്കുളം-ആളിയാർ പദ്ധതിയെ ആശ്രയിക്കേണ്ടതായി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) പറമ്പിക്കുളം-ആളിയാർ നദീജല കരാറനുസരിച്ചുള്ള വെള്ളം കിട്ടുന്നപക്ഷം പാലക്കാടിന് ജലദൗർലഭ്യം ഉണ്ടാകാനിടയുണ്ടോയെന്ന് പരിശോധിക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ ഏഴ് ജലസേചന പദ്ധതികൾ ഉണ്ട്.

(ബി) ചിറ്റൂർപുഴ, ഗായത്രി (മീൻകര, ചുള്ളിയാർ), വാളയാർ, മലമ്പുഴ, മംഗലം, പോത്തുണ്ടി, കാഞ്ഞിരപ്പുഴ എന്നിവ.

(സി ആന്റ് ഡി) ചില വർഷങ്ങളിൽ ഭാഗികമായി മാത്രമേ ജലം നൽകുവാൻ കഴിയുന്നുള്ളൂ. മഴക്കുറവുമൂലം ജലസംഭരണികളിൽ ഒഴുകി എത്തുന്ന ജലത്തിന്റെ അളവ് ചില വർഷങ്ങളിൽ കുറയുന്നതുകൊണ്ടും ഭാഗികമായി കമ്മീഷൻ ചെയ്ത പദ്ധതിയിലെ കനാൽ നിർമ്മാണ പ്രവൃത്തികൾ മുഴുവനായി പൂർത്തിയാക്കാത്തതിനാലുമാണ് കൃഷിക്കാവശ്യമായ ജലം നൽകുവാൻ കഴിയാത്തത്.

(ഇ) ഗായത്രി, കുരിയാർകുറ്റി, കാരപ്പാറ, ചിറ്റൂർപുഴ എന്നീ പദ്ധതികളും കണ്ണാടിപ്പുഴയും വെള്ളത്തിനായി പറമ്പിക്കുളം-ആളിയാർ പദ്ധതിയെ ആശ്രയിക്കുന്നു.

(എഫ്) പരിശോധിക്കാവുന്നതാണ്.

കല്ലറ, പാങ്ങോട് പഞ്ചായത്തുകളിൽ ജലവിതരണ പദ്ധതിയുടെ നിർമ്മാണം

73 [230] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ, പാങ്ങോട് പഞ്ചായത്തുകൾക്കുവേണ്ടി വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലെത്തി എന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly